**Press Release**

PR . 275/2018 21.12.2018

# ജൈവകൃഷിയ്ക്കുള്ള ജൈവിക് ഇന്ത്യ അവാർഡ് സംസ്ഥാനത്തിന്

ഇന്റർനാഷണൽ കോംപീറ്റൻസ് സെന്റർ ഫോർ ഓർഗാനിക് അഗ്രിക്കൾച്ചർ (ഇക്കോവാ) ഏർപ്പെടുത്തിയിട്ടുള്ള മികച്ച ജൈവകൃഷി സംസ്ഥാനത്തിനുള്ള അവാർഡിന് കേരളം തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ജൈവകൃഷി രംഗത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരം. നല്ല കൃഷി സമ്പ്രദായ പരിപാലനമുറകൾ പാലിച്ചു കൊണ്ടുള്ള 710 ജൈവക്ലസ്റ്ററുകളാണ് സംസ്ഥാനത്ത് രൂപികരിച്ചു പ്രവർത്തിക്കുന്നത്. കൂടാതെ, ജൈവകൃഷി പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ കർഷക കൂട്ടായ്മകളും, ക്ലസ്റ്ററുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ജൈവവള നിർമ്മാണം, ജൈവഉത്പാദനോപാധികളുടെ നിർമ്മാണം, പരിശീലന പരിപാടികൾ എന്നിവ പ്രാദേശികാടിസ്ഥാനത്തിൽ ജില്ലകൾ തോറും നടത്തിവരുന്നുമുണ്ട്. ഡിസംബർ 28-ന് ന്യൂഡൽഹിയിൽ വച്ച് നടക്കുന്ന ചടങ്ങിൽ വിശിഷ്ടാതിഥികളായ കേന്ദ്രവാണിജ്യവകുപ്പു മന്ത്രി സുരേഷ് പ്രഭു, കർണ്ണാടക കൃഷിവകുപ്പ് മന്ത്രി എൻ.എച്ച്. ശിവശങ്കര റെഡി എന്നിവരുടെ സാന്നിദ്ധ്യത്തിൽ സംസ്ഥാനത്തിനു വേണ്ടി കൃഷിവകുപ്പ്മന്ത്രി വി.എസ് സുനിൽകുമാർ അവാർഡ് ഏറ്റുവാങ്ങും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**